©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2023 ഏപ്രിൽ 10** 10th April 2023 **1198 മീനം 27** 27th Meenam 1198 **1945 ചൈത്രം 20** 20th Chaithra 1945 | **നമ്പർ** No. | **1303** |


കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്

വിജ്ഞാപനം

സ.ഉ ( അച്ചടി) നം. 26/2023/LSGD. തിരുവനന്തപുരം, 5-4-2023.

**എസ്. ആർ. ഒ. നമ്പർ 480/2023**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 233-ാം വകുപ്പ് (2) ഉം (4) ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, മുനിസിപ്പാലിറ്റികളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1

മുതൽ പ്രാബല്യത്തിൽ താഴെ പട്ടികയിൽ അതതിന് നേരെ കാണിച്ചിട്ടുള്ള പ്രകാരമായിരിക്കുമെന്നും പ്രസ്തുത തീയതി മുതൽ അഞ്ച് വർഷ കാലയളവ് പൂർത്തിയാകുന്നതു വരെ തുടർന്നുള്ള ഓരോ വർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ അഞ്ചു ശതമാനം വീതം വർദ്ധനവ് വരുന്നതാണെന്നും ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**പട്ടിക**

**ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് /എണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ**

| ക്രമ നം. | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | മുനിസിപ്പാലിറ്റി | | മുനിസിപ്പൽ കോർപ്പറേഷൻ | |
|---|---|---|---|---|---|
| | | ഏറ്റവുംകുറഞ്ഞനിരക്ക് രൂപ | ഏറ്റവുംകൂടിയ നിരക്ക് രൂപ | ഏറ്റവുംകുറഞ്ഞനിരക്ക് രൂപ | ഏറ്റവുംകൂടിയനിരക്ക് രൂപ |
| 1 | പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കുന്നവ | | | | |
| a | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - 300ച.മീ. വരെയുള്ളവ | 8 | 17 | 10 | 22 |
| b | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരി കൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - 300ച.മീറ്ററിന് മുകളിലുള്ളവ | 10 | 19 | 12 | 25 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| c | സ്വകാര്യ ഹോസ്റ്റൽ | 50 | 80 | 75 | 100 |
| d | റിസോർട്ട് | 90 | 100 | 90 | 100 |
| e | ലോഡ്ജ്, ഹോട്ടൽ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തി നുള്ളവ – 300 ച. മീ. വരെയുള്ളവ | 50 | 80 | 60 | 80 |
| f | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ – 300 ച. മീറ്ററിന് മുകളിലുള്ളവ | 60 | 80 | 70 | 90 |
| 2. | വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ (ഇവയുടെ ആവശ്യത്തിനായുള്ള ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | | | | |
| a | i) പരമ്പരാഗത വ്യവസായ യൂണിറ്റുകൾ (കൈത്തറി ഷെഡ്, കയർപിരിഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, മൺപാത്ര നിർമ്മാണ ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, കൈത്തൊഴിൽ ഷെഡ് തുടങ്ങിയ ഉൾപ്പെടെ)<br><br>ii) കോഴിവളർത്തൽ ഷെഡ്, ലൈവ്സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്<br><br>iii) ഇഷ്ടികച്ചൂള, തടിമിൽ | 8<br><br>10<br><br>25 | 17<br><br>19<br><br>35 | 10<br><br>12<br><br>30 | 22<br><br>25<br><br>40 |
| b | MSME Act 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ<br><br>a) Micro Sector | 13 | 23 | 15 | 25 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| | b) Small Sector | 13 | 23 | 15 | 25 |
| | c) Medium Sector | 25 | 30 | 30 | 40 |
| c | ഇതര വ്യവസായാവശ്യത്തിനുളളവ. | 55 | 75 | 75 | 95 |
| 3 | വിദ്യാലയങ്ങൾക്കോ ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | | | | |
| a | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ (വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ തുടങ്ങിയവ ഉൾപ്പെടെ) | 8 | 17 | 10 | 22 |
| | കുറിപ്പ് - കെട്ടിടങ്ങൾ വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ വാടകയ്ക്ക് നൽകുന്നതല്ലെന്നും അങ്ങനെ നൽകുന്ന പക്ഷം അപ്രകാരം നൽകുന്ന തീയതി മുതൽ അതത് കാലങ്ങളിൽ വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ഒടുക്കിക്കൊള്ളാമെന്ന് കെട്ടിട ഉടമ / മാനേജ്മെന്റ് സത്യവാങ്മൂലം നൽകേണ്ടതാണ്. | | | | |
| b | ആശുപത്രി | 25 | 35 | 30 | 40 |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലിഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ | | | | |
| a | അമ്യൂസ്മെന്റ് പാർക്കുകൾ | 30 | 50 | 40 | 60 |
| b | മൊബൈൽ ടെലഫോൺ ടവർ | 600 | 700 | 700 | 800 |
| c | ടെലികമ്മ്യൂണിക്കേഷൻ പോളുകൾ (ഓരോന്നിന്) | 500 | 600 | 600 | 700 |
| 5 | വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ | | | | |
| a | 100 ച. മീ. വരെയുള്ളവ | 50 | 80 | 75 | 100 |
| b | 100 ച. മീ. മുകളിൽ 500 ച. മീ. വരെയുള്ളവ | 75 | 100 | 100 | 125 |
| c | 500 ച. മീറ്ററിന് മുകളിലുള്ളവ | 80 | 110 | 110 | 130 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| d | മാളുകൾ | 100 | 150 | 120 | 170 |
| e | സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതു മായ ബങ്കുകൾ, പെട്ടിക്കടകൾ | 8 | 17 | 10 | 22 |
| 6 | മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ | | | | |
| a | അസംബ്ലി ബിൽഡിംഗ് (കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തിയേറ്റർ, കല്യാണമണ്ഡപം തുടങ്ങിയവ ഉൾപ്പെടെ) | 40 | 60 | 50 | 70 |
| b | ഓഫീസ് കെട്ടിടങ്ങൾ | | | | |
| | i) സർക്കാർ ഓഫീസുകൾ, | 8 | 17 | 10 | 22 |
| | ii) മറ്റ് ഓഫീസ് കെട്ടിടങ്ങൾ | 50 | 80 | 70 | 100 |
| c | ഗോഡൗൺ ഉൾപ്പെടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങൾ | | | | |
| | i) 500 ച. മീ. വരെയുള്ളവ | 50 | 80 | 60 | 90 |
| | ii) 500 ച. മീറ്ററിന് മുകളിലുള്ളവ | 80 | 100 | 90 | 100 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| d | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ<br>i) ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യ സ്വഭാവത്തോടു കൂടിയവ | 30 | 50 | 50 | 60 |
| കുറിപ്പ് - വാസഗൃഹങ്ങളുടെ ഭാഗമായോ, ഹോട്ടലുകളുടെ ഭാഗമായോ നിർമ്മിച്ചിട്ടുള്ള പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് അതാത് വിഭാഗത്തിന്റെ നികുതി നിരക്ക് ബാധകമായിരിക്കും. | | | | | |
| e | ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 175 | 200 | 175 | 200 |

ഗവർണ്ണറുടെ ഉത്തരവിന് പ്രകാരം,

**ഡോ. ഷർമിള മേരി ജോസഫ്,**

പ്രിൻസിപ്പൽ സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യംവെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 233-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം, മുനിസിപ്പാലിറ്റികളിൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിലേക്കായി ഉപയോഗക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളും അവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ എറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും വിജ്ഞാപനം മൂലം സർക്കാരിന് നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം സർക്കാർനിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 2023 ഏപ്രിൽ 1 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.04.10 07:31:52 +05:30